09-12-2022

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sreekala S** **Editor : Dr. Saritha Vijayan K**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-08/12/2022.

1. 2010 വർഷം മുതൽ ജൈവസാക്ഷ്യ പത്രത്തോടെ പ്രവർത്തിച്ചുവരുന്ന സംസ്ഥാന കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ആലുവ തുരുത്ത് സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തെ രാജ്യത്തെ തന്നെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാം ആയി മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിക്കുന്നു. ഇതിന്റെ ഭാഗമായി ഈ മാസം പത്തിന് (ഡിസംബർ 10) രാവിലെ 10 മണിക്ക് മുഖ്യമന്ത്രി ഫാം സന്ദർശനവും കാർബൺ ന്യൂട്രൽ ഫലകം അനാച്ഛാദനവും നടത്തുന്നു. തുടർന്ന് 11 മണിക്ക് ആലുവ ടൗൺ ഹാളിൽ വച്ച് ആലുവ ഫാം കാർബൺ ന്യൂട്രൽ ആയി മുഖ്യമന്ത്രി പ്രഖ്യാപിക്കുന്നതാണ്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ നടക്കുന്ന പ്രസ്തുത സമ്മേളനത്തിൽ വ്യവസായ നിയമ വകുപ്പ് മന്ത്രി പി രാജീവ് മുഖ്യ പ്രഭാഷണം നടത്തും.

2. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല, പരശുവയ്ക്കലിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ആട് വളർത്തൽ കേന്ദ്രം, ദേശീയതലത്തിൽ, മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി നവീകരിച്ച ഓഫീസ് കെട്ടിടത്തിന്റെയും ക്വാറന്റൈൻ ഷെഡിന്റെയും ഉദ്ഘാടനം ഇന്ന് ( ഡിസംബർ 9) വൈകുന്നേരം 3 മണിക്ക് സംസ്ഥാന മൃഗസംരക്ഷണ, ക്ഷീര വികസന, മൃഗശാല വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി നിർവഹിക്കും. ഇതുവഴി ഈ കേന്ദ്രത്തിൽ ഏകദേശം ആയിരം ആടുകളെ വളർത്തുകയും, ഉത്പാദിപ്പിക്കുന്ന ആട്ടിൻകുട്ടികളെ കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുകയും ചെയ്യുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്.

3. ക്ഷീരവികസന വകുപ്പ് തിരുവനന്തപുരം ജില്ലാ ക്ഷീരസംഗമം 2022-2023 നോടനുബന്ധിച്ച് യു പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾക്കായി ചിത്രരചന, പെൻസിൽ ഡ്രോയിങ്ങ് മത്സരങ്ങൾ ഈ മാസം 11-ന് (11.12.2022) രാവിലെ 9.00 മണി മുതൽ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ ഈ മാസം 09-ന് (09/12/2022) വൈകുന്നേരം 5 .00 മണിയ്ക്ക് മുമ്പായി jkstvm2022@gmail.com എന്ന ഇമെയിൽ വിലാസത്തിലോ **9074724613** എന്ന ഫോൺ മുഖേനയോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. കേരള റോസ് സൊസൈറ്റിയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന നഗരവസന്തം പുഷ്പ്പോത്സവത്തിൽ പൊതുജനങ്ങൾക്കും റെസിഡന്റ്സ് അസോസിയേഷനുകൾക്കും പങ്കാളികളാകാനും സമ്മാനങ്ങൾ നേടാനും അവസരം. 'നഗരത്തിന് ഒരു വസന്തം' എന്ന് പേരിട്ടിട്ടുള്ള മത്സരത്തിൽ റെസിഡന്റ്സ് അസോസിയേഷനുകൾക്കും വ്യക്തികൾക്കും പങ്കെടുക്കാം. പൂച്ചെടികളും അലങ്കാരച്ചെടികളുമായി 100 ചെടിച്ചട്ടികളിൽ കുറയാതെ എത്തിക്കുന്നവർക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. പങ്കെടുക്കുന്ന എല്ലാവർക്കും 5000 രൂപ വീതം പ്രോത്സാഹന സമ്മാനവും ലഭിക്കും. താല്പര്യമുള്ളവർ ഈ മാസം 10ന് മുൻപായി കനകക്കുന്നിന് സമീപം ജവഹർ ബാലഭവനിൽ ഒരുക്കിയിട്ടുള്ള നഗരവസന്തം സംഘാടക സമിതി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447104575** എന്ന നമ്പറിൽ കേരള റോസ് സൊസൈറ്റി വർക്കിംഗ് പ്രസിഡന്റ് അഡ്വ പുഞ്ചക്കരി രവിയുമായി ബന്ധപ്പെടാവുന്നതാണ്. ഈ മാസം 21 മുതൽ ജനുവരി മൂന്ന് വരെയാണ് നഗരവസന്തം സംഘടിപ്പിക്കുന്നത്.

5. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയുടെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഹെഡ് ഓഫീസിൽ അക്കൗണ്ട്സ് ഓഫീസറുടെ തസ്തികയിലേയ്ക്ക് അഭിമുഖത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത: ബിരുദാനന്തര ബിരുദം (കൊമേഴ്സ് / സി.എ.ഇന്റെർ) സി.എം.എ. ഇന്റെർ (അല്ലെങ്കിൽ) ഐ.സി.ഡബ്ല്യു.എ.ഇന്റെർ/എം.ബി.എ- ഫിനാൻസ്. മറ്റ് യോഗ്യത: റ്റാലി സോഫ്റ്റ് വെയർ ആന്റ് കമ്പ്യൂട്ടർ അക്കൗണ്ടിംഗിൽ പരിജ്ഞാനം. കുറഞ്ഞത് 5 വർഷത്തെ പ്രവർത്തി പരിചയം. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ, വിശദമായ ബയോഡേറ്റ എന്നിവ സഹിതം 16-12-2022-ന് രാവിലെ 09.30 മണിയ്ക്ക് നടക്കുന്ന വാക്ക്-ഇൻ- ഇന്റർവ്യൂവിനായ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - കേരള, സണ്ണി ഡയൽ, മീഡ്സ് ലൈൻ, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ വിശദമായ ബയോഡേറ്റ 15-12-2022, വൈകിട്ട് 4.30-ന് മുമ്പായി infoshmkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരളയുമായി **0471 233057** എന്ന നമ്പരിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

6. തിരുവനന്തപുരം, വെള്ളായണി കാർഷിക കോളേജിൽ '**സസ്യ പ്രജനന മാർഗങ്ങൾ (ഗ്രാഫ്റ്റിങ്, ബഡ്ഡിങ്, ലയറിങ്), വിവിധ തരം കംപോസ്റ്റുകൾ, പച്ചക്കറി കൃഷി, വിളകളുടെ കീട രോഗ നിയന്ത്രണം, വിളകളിലെ പോഷകങ്ങളുടെ അഭാവഭാവങ്ങൾ''** എന്നീ വിഷയങ്ങളിൽ **ഡിസംബർ 15, 16, 17** തീയതികളിലായി പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് ആയിരം രൂപ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേറ്റ് നൽകുന്നതാണ്. താല്പര്യമുള്ളവർ പേരും ഫോൺ നമ്പരും **9539115117** എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് സന്ദേശമായാ tssvellayani@kau.inഎന്ന ഇമെയിലിലേക്ക് അയക്കുകയോ ചെയ്യുക. ഡിസംബർ 14-ന് (14/12/2022 ന്) 3 മണിക്ക് മുൻപേ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9539115117** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററിൽ ക്ഷീര കർഷകർക്കായി **ശാസ്ത്രീയ പശു പരിപാലനം** എന്ന വിഷയത്തെ ആസ്പദമാക്കി **ഡിസംബർ 12 മുതൽ 17 വരെ** ആറ് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **0473 4299869, 9495390436, 9464453247** എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ, വാട്സാപ്പ് ചെയ്തോ പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

8. ചേനയിൽ കടഭാഗത്തു ചീഞ്ഞു വരുകയും ഇലകൾ മഞ്ഞ നിറത്തിൽ ആകുകയും ചെയ്യുന്നത് **കടചീയൽ** രോഗത്തിന്റെ ലക്ഷണമാണ്. ഇത് തടയുന്നതിനായി 20 ഗ്രാം ട്രൈക്കോഡെർമ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തടത്തിൽ ഒഴിച്ച് കൊടുക്കുക.